A

9001

# സമഗ്ര ശിക്ഷ, കേരളം

## വാർഷിക മൂല്യനിർണയം 2018 -19

## ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ് - IX

സമയം : 2 മണിക്കൂർ

ആകെ സ്കോർ : 45

**പൊതു നിർദ്ദേശങ്ങൾ**

- ആരോഗ്യ കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം. എഴുത്തു പരീക്ഷക്കുള്ള 2 മണിക്കൂറിൽ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്സ്, റോൾനമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം.

## ആരോഗ്യ കായികവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്

ആകെ സ്കോർ :15

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളുടെ ശരിയുത്തരത്തിന് ഒരു സ്കോർ വീതം.** **(4 × 1 = 4)**

1. ഒരു വ്യക്തിയുടെ ആരോഗ്യസംരക്ഷണത്തിന് കൈവരിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ശീലമേത്?
   (മരുന്ന്, അമിതാഹാരം, വ്യായാമം, ജോലിഭാരം)
2. ശരീരത്തിനാവശ്യമായ ഊർജത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉറവിടമാണ് —?
   (ധാന്യകം, ധാതുക്കൾ, മാംസ്യം, വിറ്റാമിൻ)
3. കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് അവശ്യം വേണ്ടുന്ന കൊഴുപ്പിന്റെ അളവ് എത്ര?
   (10 - 20%, 50 - 60%, 20 - 35%, 15 - 20%)
4. ദീർഘനേരം നീണ്ടുനിൽക്കുന്ന കായികപ്രവർത്തനങ്ങൾ ഏത് പേരിലറിയപ്പെടുന്നു?
   (എയ്റോബിക്, അനറോബിക്, വെയ്റ്റ് ലിഫ്റ്റിങ്, ഷൂട്ടിങ്)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 2 സ്കോർ വീതം.** **(4 × 2 = 8)**

5. നിർജലീകരണം എന്നാലെന്ത്? കായികതാരങ്ങളുടെ പ്രകടനത്തെ നിർജലീകരണം എങ്ങനെ പ്രതികൂലമായി ബാധിക്കുന്നു?
6. ഏതെല്ലാം ഘടകങ്ങൾ ഒത്തുചേരുമ്പോഴാണ് ഒരു മികച്ച കായികതാരം രൂപം കൊള്ളുന്നത്?

7. സഹിരമായി കളികളിൽ ഏർപ്പെടുന്നതിലൂടെ കൈവരിക്കുന്ന ജീവിതമൂല്യങ്ങളേവ?

8. 'ചക്രാസനം' പരിശീലിക്കുന്നതുകൊണ്ടുള്ള ഗുണങ്ങൾ എന്തെല്ലാം?

9. അനറോബിക് പ്രവർത്തനവും എയ്റോബിക് പ്രവർത്തനവും തമ്മിലുള്ള വ്യത്യാസമെന്ത്?

**10,11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 3 സ്കോർ.** **(1 × 3 = 3)**

10. പോഷകാഹാരം എന്നാലെന്ത്? പ്രധാന ഘടകങ്ങൾ ഏതെല്ലാം?

11. ചുവടെ കൊടുത്തിരിക്കുന്ന ജീവിതരീതികളെ ആരോഗ്യപൂർണമായ ജീവിതരീതികളായും പിന്തുടരാൻ പാടില്ലാത്ത ജീവിതരീതികളായും വേർതിരിച്ചെഴുതുക.

| ജീവിതരീതികൾ | പിന്തുടരേണ്ടവ | പാടില്ലാത്തവ |
|---|---|---|
| വ്യായാമം | • | • |
| അമിതഭക്ഷണം | • | • |
| ചിട്ടയായ ജീവിതചര്യ | • | • |
| മദ്യപാനം | | |
| അമിതശരീരഭാരം | | |
| പോഷകാഹാരം | | |

## കലാവിദ്യാഭ്യാസം

**സമയം : 40 മിനിറ്റ്**
**ആകെ സ്കോർ : 15**

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ വീതം.** **(4 × 1 = 4)**

1. യുദ്ധത്തിനെതിരെ രചിക്കപ്പെട്ട ലോകപ്രശസ്ത ചിത്രമായ 'ഗുർണിക' ആരുടെ ചിത്രമാണ്?
(പാബ്ലോ പിക്കാസോ, രാജാരവിവർമ്മ, ഹെൻറി മത്തീസ്, കെ.സി.എസ് പണിക്കർ)

2. ഭാരതീയ ശാസ്ത്രീയ സംഗീതത്തിന് രണ്ടു ശാഖകളുണ്ട്. അതിൽ ഒന്നാണ് ...........?
(ഗസൽ, ഖവാലി, കർണാട്ടിക്, സിംഫണി)

3. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും പാരമ്പര്യ നൃത്തരൂപം എടുത്തെഴുതുക.
(മോഹിനിയാട്ടം, തിരുവാതിരക്കളി, ഭരതനാട്യം, കുച്ചുപ്പുടി)

4. ഒരു നടനെ കഥാപാത്രമായി രൂപമാറ്റം വരുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന കലാകാരൻ?
(രചയിതാവ്, രംഗശില്പി, സംവിധായകൻ, മേക്കപ്പ്മാൻ)

**5 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഇഷ്ടമുള്ള 2 ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(2 × 3 = 6)**

5. ചേരുംപടി ചേർക്കുക.

| A | B |
|---|---|
| ഡാൻസിംഗ് ഗേൾ | മഹാബലിപുരം |
| കാനായി കുഞ്ഞിരാമൻ | സിന്ധുനദീതട സംസ്കാരം |
| തമിഴ്നാട് | യക്ഷി |
| | ഈജിപ്ഷ്യൻ സംസ്കാരം |

6. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും മൂന്ന് കർണാടക സംഗീത രൂപങ്ങൾ എടുത്തെഴുതുക.

(വർണങ്ങൾ, ഗസൽ, സ്വരജതി, കീർത്തനങ്ങൾ, ബാവുകൾ)

7. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും അർദ്ധശാസ്ത്രീയ നൃത്തത്തിന് ഉപയോഗിക്കാവുന്ന മൂന്ന് ഗാനങ്ങൾ തെരഞ്ഞെടുത്തെഴുതുക?

(പ്രേമോദാരനായ് അണയു... എന്ന തപം ചെയ്തനെ.....
അലൈ പായുതേ കണ്ണാ..... ആനന്ദനടനം ആടിനാൻ..........
അഞ്ചു ശരങ്ങളും പോരാതെ.......)

8. മറ്റു രംഗകലകളിൽ നിന്നും കഥകളിക്കുള്ള മൂന്ന് വ്യത്യാസങ്ങൾ എഴുതുക.

**9 മുതൽ 12വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. 5 സ്കോർ.** **(1 × 5 = 5)**

9. പ്രശസ്ത ബാലചിത്രകാരനായ ക്ലിന്റിന്റെ ജീവിതവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന വിശദാംശങ്ങളിൽ നിന്ന് ഉത്തരം ലഭിക്കത്തക്ക വിധത്തിൽ അഞ്ച് ചോദ്യങ്ങൾ തയ്യാറാക്കുക.

എം.ടി. ജോസഫ്, ചിന്നമ്മ ജോസഫ് എന്നിവരുടെ പുത്രനായ എഡ്മണ്ട് തോമസ് ക്ലിന്റ് എന്ന "ക്ലിന്റ്" 1976 മെയ് 19ന് കൊച്ചിയിൽ ജനിച്ചു. ഏഴ് വയസ്സ് പൂർത്തിയാകുന്നതിന് മുൻപ് ഏകദേശം ഇരുപത്തയ്യായിരത്തോളം ചിത്രങ്ങൾ വരയ്ക്കുകയുണ്ടായി. 1983 ലെ വിഷുദിനത്തിൽ വൃക്ക സംബന്ധമായ അസുഖത്തെ തുടർന്ന് ഈ പ്രതിഭ അന്തരിച്ചു. ഇദ്ദേഹത്തിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി പ്രശസ്ത സംവിധായകനായ ഹരികുമാർ ഒരുക്കിയ "ക്ലിന്റ്" എന്ന സിനിമ 2017 ആഗസ്റ്റ് 11 ന് റിലീസ് ചെയ്തു.

10. പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് നിങ്ങളുടെ സ്കൂളിൽ അവതരിപ്പിക്കാനുള്ള ഗാനത്തിന് അനുയോജ്യമായ അഞ്ച് വരികൾ തയാറാക്കുക.

11. ശാസ്ത്രീയ നൃത്തത്തിൽ ഉപയോഗിക്കുന്ന അഞ്ച് മുദ്രകൾ എഴുതുക.

12. സ്കൂളിൽ ലഹരി വിരുദ്ധ ആശയം പ്രചരിപ്പിക്കുന്നതിനുള്ള ലഘു സിനിമ നിർമ്മിക്കുന്നതിന് തയാറാക്കുന്ന തിരക്കഥയുടെ ഒരു സീൻ ദൃശ്യങ്ങളുടെ വിശദാംശങ്ങൾ സഹിതം എഴുതുക.

---

## പ്രവൃത്തിപഠനം

**സമയം : 40 മിനിറ്റ്**
**ആകെ സ്കോർ : 15**

**1 മുതൽ 3 വരെയുള്ള ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം. (3 × 1 = 3)**

1. ഉയരമുള്ള കെട്ടിടങ്ങളെ ഇടിമിന്നലിൽ നിന്ന് സംരക്ഷിക്കുവാൻ സ്ഥാപിക്കുന്ന ഉപകരണം.

(കാന്തസൂചി, മിന്നൽരക്ഷാചാലകം, ഫ്യൂസ്, സർക്യൂട്ട് ബ്രേക്കർ)

2. ചന്ദനതിരിയിൽ സുഗന്ധം നിലനിർത്തുവാൻ ഉപയോഗിക്കുന്ന രാസവസ്തു ഏത്?
(ബെൻസൈൽ അസറ്റേറ്റ് ഓയിൽ, വെളിച്ചെണ്ണ, റോഡാമിൻ, സ്റ്റെയിനർ)


3. തോൾ വീതി, കഴുത്തിറക്കം, കൈനീളം, നെഞ്ചുവണ്ണം എന്നീ അളവുകൾ ...... വസ്ത്രം നിർമിക്കുന്നതിന് ഉപയോഗിക്കുന്നു.

(ഷർട്ട്, ട്രൗസർ, ബ്ലൗസ്, പൈജാമ )

**4 മുതൽ 8 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും രണ്ട് സ്കോർ വീതം.** **(4 × 2 = 8)**

4. ചിത്രത്തിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങളിൽ കാർഷിക യന്ത്രങ്ങൾ ഏതെല്ലാമെന്ന് തിരിച്ചറിഞ്ഞ്, ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് പേരെഴുതുക) (ട്രാക്ടർ, ടില്ലർ, കൊയ്ത്തുയന്ത്രം, നടീൽ യന്ത്രം, ജെ.സി.ബി.)


A


B



C



D


5. താഴെ കൊടുത്തിരിക്കുന്ന ഔഷധ സസ്യങ്ങളെ കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ എന്നിങ്ങനെ തരംതിരിച്ചെഴുതുക. (ശംഖുപുഷ്പം, പനിക്കൂർക്ക, ചിറ്റമൃത്, മുക്കുറ്റി, തുളസി, ശതാവരി, )



6. ചിത്രത്തിൽ കൊടുത്തിരിക്കുന്ന പ്ലംബിംഗ് സാമഗ്രികൾ തിരിച്ചറിഞ്ഞ് അവയുടെ പേരുകൾ ക്രമത്തിലെഴുതുക.






(കപ്ലർ, L ബോ, ജങ്ഷൻ, T ബോ, റെഡ്യൂസർ)

7. നാല് പുതിയ നെൽവിത്തിനങ്ങളുടെ പേരെഴുതുക.

8. പാവകളിക്കുപയോഗിക്കുന്ന വിവിധതരം പാവകൾ ഏതൊക്കെ? (ഏതെങ്കിലും നാലെണ്ണം എഴുതുക.)

**9, 10 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 4 സ്കോർ** **(1 × 4 = 4)**

9. സാരിയിൽ വെജിറ്റബിൾ പ്രിന്റു ചെയ്തതിന്റെ വർക്ക്ഡയറി തയ്യാറാക്കുക.

10. താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനത്തെ ആധാരമാക്കി നാല് ചോദ്യങ്ങൾ തയാറാക്കുക.

40 സെ.മീ. നീളത്തിലും 18 സെ.മീ വീതിയിലും ഉള്ള റെക്സിൻ മുറിച്ചെടുക്കുക. നല്ലവശം അകത്ത് വരത്തക്കവിധം രണ്ടായി മടക്കുക. മടക്കിയ ഭാഗം അരികിൽ നിന്ന് 2 സെ.മീ. വിട്ട് കത്രിക ഉപയോഗിച്ച് നെടുകെ മുറിച്ചെടുക്കുക. സിപ്പും റണ്ണറും തുന്നിച്ചേർക്കുക. ഒരു സെ. മീ. വിട്ട് ബാക്ക് സ്റ്റിച്ച് ഉപയോഗിച്ച് മൂന്നു വശവും തുന്നി യോജിപ്പിക്കുക.. നല്ല വശം പുറത്ത് കാണത്തക്കവിധം തിരിക്കുക. സിപ്പ് തുറന്ന് മേൽ ഭാഗത്ത് ഇരുവശവും വള്ളി ഘടിപ്പിച്ച് ലേഡീസ് പൗച്ച് നിർമ്മാണം പൂർത്തിയാക്കണം.